## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.233 28.11.2018 ൽ മറുപടിക്ക്

### മസ്തിഷ്ക മരണവും ദയാവധവും സംബന്ധിച്ച ചട്ടങ്ങൾ

<table>
<tr><td colspan="2">ചോദ്യം<br><br>ശ്രീ.വി.ടി.ബൽറാം</td><td colspan="2">ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി)</td></tr>
<tr><td>(എ)</td><td>മസ്തിഷ്ക മരണം രേഖപ്പെടുത്തുന്നത് കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും അവയവദാനത്തിനുള്ള നടപടികൾക്ക് വേഗം കൂട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;</td><td rowspan="2">(എ),<br>&<br>(ബി),</td><td rowspan="2">മസ്തികഷ്കമരണം മെഡിക്കൽ നീതിശാസ്ത്രമനുസരിച്ച് രേഖപ്പെടുത്തുന്നതിലേക്കായി ശാസ്ത്രീയമായ ഏതൊക്കെ രീതികൾ അവലംബിക്കണമെന്നത് സംബന്ധിച്ച് ബഹു.ഹൈക്കോടതിയുടെ WP(C)5552/2017 വിധി പ്രകാരം സർക്കാർ ഉത്തരവ് (എം.എസ്.)നം.53/2018 03.04.2018 പ്രകാരം വ്യക്തമായ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>മസ്തിഷ്ക മരണം ഉറപ്പാക്കുന്നതിനുള്ള ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;</td></tr>
<tr><td>(സി)</td><td>ദയാവധവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇതിനായി ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നിയോഗിച്ച ഡോ. എം.ആർ. രാജഗോപാലൻ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ ശിപാർശകൾ എന്തൊക്കെയാണ്;</td><td rowspan="2">(സി)<br>&<br>(ഡി)</td><td rowspan="2">ദയാവധം സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതുവരെ ഒരു അവലോകന യോഗം നടത്തിയിട്ടില്ല. എന്നാൽ ബഹു.സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 'Living Will' തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി ഡോ.എം.ആർ.രാജഗോപാലൻ ചെയർമാനായി 25.04.2018 ലെ സ.ഉ.(സാധാ.)നം.1382/2018/ആ.കു.വ. പ്രകാരം കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയുമാണ്.</td></tr>
<tr><td>(ഡി)</td><td>ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ